**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 84** **04-10-2021 - ൽ മറുപടിയ്ക്ക്**

**വനിതാപോലീസ് സേനയിൽ റൊട്ടേഷൻ നടപ്പിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന വനിതാപോലീസ് സേനയ്ക്ക് രാജ്യത്തെ ഒരു സേനകൾക്കും ലഭിക്കാത്ത സൗകര്യങ്ങൾ നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത സേനാ അംഗങ്ങൾ പൊതുജനങ്ങളുടെ മേൽ അനുവദനീയമായതിലുമപ്പുറം അമിത അധികാരപ്രയോഗം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സേനയിലെ പിങ്ക് പോലീസ് വിഭാഗം ഉൾപ്പെടെയുള്ളവരുടെ പദവി വിനിയോഗ നടപടികൾ അടുത്തിടെ പൊതുജനങ്ങൾക്കുണ്ടാക്കിയ ബുദ്ധിമുട്ടുകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പോലീസ് സേനയിലെ പിങ്ക് വിഭാഗം ഉൾപ്പെടെയുള്ളവരുടെ പദവി ദുരുപയോഗം ചെയ്യുന്ന നടപടികൾ ഉണ്ടാകാതിരിക്കുവാൻ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ആയത് ഉറപ്പ് വരുത്തുകയും ചെയ്ത് വരുന്നു. ഇതിലേക്കായി 12.07.2021-ൽ സംസ്ഥാന പോലീസ് മേധാവി എക്സിക്യൂട്ടീവ് ഡയറക്ടീവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. |
| (സി) | പിങ്ക് പോലീസ് സേനയിൽ ഉൾപ്പെടെയുള്ള മൃദുവായ ഡ്യൂട്ടിയിൽ ചിലർ മാത്രം എന്നതിനു പകരം വനിതാപോലീസ് സേനയിലെ എല്ലാവർക്കും അവസരം ലഭ്യമാകും വിധം റൊട്ടേഷൻ നടപ്പിലാക്കാൻ സാധിക്കുമോ; എന്നത്തേക്ക് നടപ്പിലാക്കാനാകുമെന്ന് വിശദമാക്കാമോ? | (സി) | പിങ്ക് പോലീസിൽ ചില അംഗങ്ങൾക്ക് മാത്രം തുടർച്ചയായി നിയമനം നൽകുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. പിങ്ക് പോലീസ് ഡ്യൂട്ടിക്ക് താൽപ്പര്യമുള്ള വനിതാ സേനാംഗങ്ങളുടെ താല്പര്യപത്രം വാങ്ങി കാലാകാലങ്ങളിൽ മാറ്റി നിയമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ